# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം

നമ്പർ.എഫ്5-11903/19

തീയതി. 27.03.2020

**സർക്കുലർ നമ്പർ 30/2019-2020**

വിഷയം:- കേരളത്തിലെ കൊറോണവ്യാപനവുമായി ബന്ധപ്പെട്ട സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ച് തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:-
1. സ.ഉ (സാധാ) നമ്പർ . 1247/2020 പൊതു ഭ.വ. തീയതി 20.03.2020
2. എഫ്5-11903/2019 തീയതി 23.03.2020.
3. സർക്കുലർ നമ്പർ 28/2019-20 തീയതി 23.03.2020
4. ജി.ഒ. (എം.എസ്) നമ്പർ . 49/2020/ജിഎഡി നമ്പർ 23.03.2020 ലെ ഉത്തരവ്.
5. സർക്കുലർ നമ്പർ. 29/2019-20 തീയതി 24.03.2020
6. ലേബർ കമ്മീഷണറേറ്റിൽ നിന്നുള്ള ഫോൺ നിർദ്ദേശം
7. ജി.ഒ.(പി) നമ്പർ.33/2020/ഫിൻ. തീയതി 26.03.2020

കേരളത്തിലെ കൊറോണരോഗവുമായി ബന്ധപ്പെട്ട് സൂചന (1) പ്രകാരം 20.03.2020 തീയതിയിൽ സർക്കാർ ജീവനക്കാരുടെ ജോലി ക്രമീകരിച്ച് സർക്കാർ ഉത്തരവാക്കുകയും, തുടർന്ന് ബഹു. മുഖ്യമന്ത്രി ചില ജില്ലക്കാർക്ക് മാത്രമാണ് നിയന്ത്രണങ്ങൾ എന്ന് അറിയിക്കുകയും ചെയ്തു സാഹചര്യത്തിൽ അടുത്ത പ്രവർത്തിദിവസമായ 23.03.2020 ന് സൂചന (2) (3) എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ബഹു. മുഖ്യമന്ത്രി 23.03.2020 രാത്രി സംസ്ഥാനലോക്ക് ഡൗൺ പ്രഖ്യാപിക്കുകയും (31.03.2020 വരെ) സൂചന (4) പ്രകാരം ഉത്തരവാക്കുകയും ചെയ്തു. 24.03.2020 ന് തന്നെ ആയതുമായി ബന്ധപ്പെട്ട് സൂചന (5) പ്രകാരം ബോർഡ് ആവശ്യമായ നിർദ്ദേശം പുറപ്പെടുവിച്ചു. എന്നാൽ 24.03.2020 ന് രാത്രിയിൽ ബഹു. പ്രധാനമന്ത്രി ലോക്ക് ഡൗൺ 21 ദിവസത്തേയ്ക്ക് നീട്ടിയതിന്റെ വെളിച്ചത്തിൽ 24.03.2020 ന് നൽകിയ നിർദ്ദേശങ്ങളുടെ തുടർച്ചയായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഓരോ ഓഫീസുകളുടെ പ്രത്യേകത പരിഗണിച്ച് ബന്ധപ്പെട്ട ചെയർമാൻമാർക്ക് ചീഫ് എക്സിക്യൂട്ടീവുമായി ഫോൺ മുഖാന്തിരം ബന്ധപ്പെട്ട് ആവശ്യമായ മുൻകൂർ അനുമതിയുടെ വെളിച്ചത്തിൽ ഉചിത തീരുമാനങ്ങൾ സമയാ സമയങ്ങളിൽ എടുക്കുന്നതിനു അനുമതിനൽകുന്നു.കൂടാതെ സൂചന (6) പ്രകാരം തൊഴിലാളിയുടെ വേതനം/ അഡ്വാൻസ്, ബോണസ്, ബോണസ് അഡ്വാൻസ് പെൻഷൻ, ജീവനക്കാരുടെ ശമ്പളം ദിവസവേതനക്കാരുടെ വേതനം, എന്നിവ തടസ്സമില്ലാത്ത രീതിയിൽ വിതരണം ചെയ്യുന്നതിനു വേണ്ട പ്രവർത്തനങ്ങൾ ഏകോപ്പിപ്പിക്കുന്നതിനും, തൊഴിലാളികളുടെയും ജീവനക്കാരുടെയും ഒഴിവാക്കാനാക്കാത്ത യാത്ര സംബന്ധിച്ച് ബുദ്ധിമുട്ട് ഒഴിവാക്കാന്നതിനും ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവികളുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ എടുക്കുന്നതിന് അതാത് ജില്ലാ കമ്മിറ്റി ചെയർമാൻമാരെ ചുമതലപ്പെടുത്തുന്നു.

1. ഫണ്ടിന്റെ ലഭ്യത, ചെക്ക് ഒപ്പ് വെയ്ക്കുന്നതിനുള്ള സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഈ മാസം 27 മുതൽ തൊഴിലാളികളുടെ വേതനം/ അഡ്വാൻസ് ബോണസ്, ബോണസ് അഡ്വാൻസ് എന്നിവയും തൊഴിലാളികളുടെ പെൻഷൻ ( അൺ അറ്റാച്ച്ഡ്, സ്കാറ്റേർഡ് ഉൾപ്പടെ) വിതരണം ചെയ്യാവുന്നതാണ്.

2. ഫെബ്രുവരി മാസത്തിന്റെ അടിസ്ഥാനത്തിൽ ആണ് വേതനം കണക്കാക്കുന്നതെങ്കിൽ ഫണ്ട് ലഭ്യതയ്ക്കനുസൃതമായി

   a) റിക്കവറി ഒഴിവാക്കുന്ന ഓഫീസുകളിൽ ഫെബ്രുവരി മാസ ഗ്രോസ് വേതനത്തിന്റെ 90% എന്ന രീതിയിലും

   b) റിക്കവറി ഒഴിവാക്കാത്ത സാഹചര്യത്തിൽ ഫെബ്രുവരി മാസ വേതനത്തിന്റെ നെറ്റ് വേതന തുകയും അനുവദിക്കാവുന്നതാണ്.

3. വർക്ക് കാർഡുകൾ ആഴ്ചയിൽ ഒരു ദിവസം ശേഖരിച്ച് പ്ലാസ്റ്റിക്ക് കവറിൽ ആക്കി സൂക്ഷിക്കേണ്ടതാണ് (ലോക്ക് ഡൗൺ തീരുന്നതുവരെ മാത്രം).

4. ഫെബ്രുവരി മാസത്തിലെ വേതനത്തിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസ് നൽകുമ്പോൾ ഫോം 42ന് പകരം ഉത്തരവാക്കി കൺടിജന്റ് ബിൽ മുഖേന അഡ്വാൻസ് വിതരണം ചെയ്യാവുന്നതാണ്. അല്ലെങ്കിൽ സൗകര്യ പ്രദമായ മറ്റ് രീതികളും ഫോം 42 ഉൾപ്പടെ തുടരാവുന്നതാണ്.

5. ജീവനക്കാരുടെ ശമ്പളം, ദിവസവേതനക്കാരുടെ വേതനം എന്നിവ,സൂചന (7) സർക്കാർ ഉത്തരവിന് വിധേയമായി ലോക്ക് ഡൗൺ മൂലം ഹാജർ ആകാത്ത ദിവസങ്ങൾ ഹാജരായി പരിഗണിച്ചുതന്നെ ശമ്പളം, വേതനം ഇവ അനുവദിച്ചു നൽകാവുന്നതാണ്. ആയത് 01.04.2020 തീയതിവെച്ച് 30-തീയതി മുതൽ തന്നെ അതാത് ഓഫീസിന്റെയും, ഓതറൈസ്ഡ് സിഗ്നിറ്ററിയുടെ ഓഫീസിലെത്തുന്നതിനുള്ള പ്രായോഗികതയും പരിഗണിച്ചും മുൻ കൂറായി ബാങ്കിൽ നൽകാവുന്നതാണ്.

31.03.2020ന് മുൻപ് അക്കൗണ്ടിൽ ജീവനക്കാരുടെ ശമ്പളം ക്രെഡിറ്റ് ആക്കുകയാണെങ്കിൽ ഇൻകം ടാക്സ് ആയതിനനുസരിച്ച് പുന:ക്രമീകരിക്കേണ്ടി വരുന്നതാണ്.

(ഒപ്പ്)

**ചീഫ് എക്സിക്യൂട്ടീവ്(I/C)**

സ്വീകർത്താവ്

1. എല്ലാ ജില്ലാ കമ്മിറ്റി/ സബ് ഓഫീസ് ചെയർമാൻമാർക്ക്
2. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ

//ഉത്തരവിൻപ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്